*പൊതു വിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം,*
*ഹൗസിങ്ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/1/DGE-HSE/2024** **17/05/2024**

# സർക്കുലർ

**വിഷയം: പ്ലസ്‌വൺ പ്രവേശനം : മാർജിനൽ സീറ്റ് വർദ്ധനവ് എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ.**

സൂചന: സ.ഉ(കൈ)നം.45/2024/പൊ.വി.വ തീയതി ,തിരുവനന്തപുരം 08/05/2024

സംസ്ഥാനത്തെ പ്ലസ്‌വൺ പ്രവേശനത്തിൻെറ മുഖ്യ അലോട്ട്മെൻറിൻെറ ആരംഭത്തിൽ തന്നെ സീറ്റുകൾ സംബന്ധിച്ച അപര്യാപ്തത പരിഹരിക്കുന്നതിൻെറ ഭാഗമായി അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധത്തിൽ 2024-25 അധ്യയന വർഷത്തേക്കു മാത്രം സൂചന സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം അധിക സീറ്റുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

സൂചന സർക്കാർ ഉത്തരവിനാൽ തിരുവനന്തപുരം , പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും 20 % മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി 10 % മാർജിനൽ സീറ്റ് വർദ്ധനവ് കൂടി അധികമായി ആവശ്യമുള്ള അടിസ്ഥാന സൗകര്യമുള്ള എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർ 2024 മേയ് 20 മുതൽ മേയ് 24 ന് വൈകിട്ട് 4 മണി വരെ അഡ്മിൻ യൂസറിൽ ലഭ്യമാകുന്ന **Marginal Increase (Aided)** എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

2024 മേയ് 24 ന് വൈകിട്ട് 4 മണിവരെ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ മാർജിനൽ സീറ്റ് വർദ്ധനവിനായി പരിഗണിക്കുകയുള്ളൂ.

പൊതുവിദ്യാഭ്യാസ ഡയറക്ടർ